പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3490 — 12/5/2017 ൽ മറുപടിക്ക്

മൃഗാശുപത്രികളുടെ നവീകരണത്തിനായിട്ടുള്ള പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീമതി.പി. അയിഷാ പോറ്റി: — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗാശുപത്രികളുടെ നവീകരണത്തിനായിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | എ) | മൃഗാശുപത്രികളുടെ നവീകരണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകിവരുന്നു. |
| ബി) | കൊട്ടാരക്കര വെറ്റിനറി ഡിസ്പെൻസറി എത്രനാളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ; | ബി) | 1/10/1959 മുതൽ |
| സി) | ഡിസ്പെൻസറിക്ക് സ്വന്തം കെട്ടിടത്തിനായി സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി) | ഉണ്ട്.<br>2004-05 സാമ്പത്തിക വർഷം കെട്ടിട നിർമ്മാണത്തിനുവേണ്ടി സ്ഥലം അനുവദിച്ചുവെങ്കിലും ആയത് മഹിളാ സമാജം, കോടതി ഉത്തരവ് മുഖാന്തിരം സ്ഥലം കൈവശപ്പെടുത്തി. കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ 5 ലക്ഷം രൂപ വകയിരുത്തി സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് വച്ചിരുന്നുവെങ്കിലും സ്ഥലം ലഭ്യമായില്ല<br>കൊട്ടാരക്കര റെയിൽവെ സ്റ്റേഷന് സമീപത്തായി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി സ്ഥലം ലഭ്യമാക്കുന്നതിന് ശ്രമിച്ചുവെങ്കിലും ആയത് സാദ്ധ്യമായില്ല. കൊട്ടാരക്കര കെ.ഐ.പി അഡീഷണൽ കോളനിയുടെ 26 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും ആയത് ലഭ്യമായില്ല.<br>പഞ്ചായത്ത്, സ്ഥലം അനുവദിക്കുകയാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതാണ്. |

സെക്ഷൻഓഫീസർ